**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3558** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സർവകലാശാലകളുടെ നാക് റീ-അക്രെഡിറ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 അധ്യയന വർഷത്തിൽ കേരളത്തിലെ ഏതെല്ലാം സർവകലാശാലകളിലാണ് നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയ നടന്നത്; ഓരോ സർവകലാശാലയും നാക് റീ-അക്രെഡിറ്റേഷനിൽ കൈവരിച്ച പോയിന്റ്, ഗ്രേഡ് എന്നിവ എത്രയാണെന്ന് വിശദമാക്കാമോ; | (എ) | കേരള, കാലിക്കറ്റ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ 2022-23 അധ്യയനവർഷത്തിൽ നാക്ക് റീ-അക്രെഡിറ്റേഷൻ നടന്നു.<br><br><u>കേരള സർവ്വകലാശാല</u><br><br>3.67 പോയിൻറ്, ഗ്രേഡ് A++<br><br><u>കാലിക്കറ്റ് സർവ്വകലാശാല</u><br><br>3.45 പോയിൻറ്, ഗ്രേഡ് A+<br><br><u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u><br><br>3.39 പോയിൻറ്, ഗ്രേഡ് A+ |
| (ബി) | നാക് സംഘത്തിന്റെ എക്സിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ സർവകലാശാലകളുടെ ശക്തിയും ന്യൂനതകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ന്യൂനതകൾ പരിഹരിക്കാൻ സർവകലാശാലകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയ നടന്ന ഏതെല്ലാം സർവകലാശാലകളാണ് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതെന്ന് വിശദമാക്കാമോ; അവയുടെ വിദൂര വിദ്യാഭ്യാസ വിഭാഗങ്ങളെ നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയുടെ ഭാഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കേരള, കാലിക്കറ്റ് സർവകലാശാലകളിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ട്. വിദൂര വിദ്യാഭ്യാസം നാക് അക്രെഡിറ്റേഷന്റെ ഭാഗമായി പരിഗണിച്ചിട്ടില്ല. NAAC guidelines വിദൂര വിദ്യാഭ്യാസത്തിന് പ്രത്യേക അക്രെഡിറ്റേഷൻ നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ഡി) | നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയുടെ ഭാഗമായി സർവകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട അക്കാദമിക ഘടകങ്ങളിൽ സിലബസ്, ഇവാല്യുവേഷൻ | (ഡി) | സർവകലാശാലാ വകുപ്പുകൾക്കും അഫിലിയേറ്റഡ് കോളേജുകളിലേക്കും പ്രത്യേകം പ്രത്യേകമായിട്ടാണ് നാക് അക്രെഡിറ്റേഷൻ നടത്തി വരുന്നത്. സർവകലാശാലാ വകുപ്പുകളോടൊപ്പം കോളേജിന്റെ അഫിലിയേഷൻ നടത്താറില്ല. |

| | | | |
|---|---|---|---|
| | മുതലായവ പരിശോധന നടത്താറുണ്ടോയെന്നും സർവകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക വിലയിരുത്തപ്പെടൽ മാത്രമാണോ പരിശോധിക്കുന്നതെന്നും വിശദമാക്കാമോ; | | |
| (ഇ) | സർവ്വകലാശാലകൾ നാക് റീ-അക്രെഡിറ്റേഷനിൽ മികച്ച ഗ്രേഡ് കൈവരിക്കുമ്പോഴും അതിനനുസൃതമായി അഫിലിയേറ്റഡ് കോളേജുകളിലെയും വിദൂരവിദ്യാഭ്യാസ വിഭാഗത്തിലേയും വിദ്യാർത്ഥികൾക്കുള്ള അക്കാദമികപരമായ സേവനങ്ങളിൽ ആയത് പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ഇ) | അക്കാദമിക മികവ് അഫിലിയേറ്റിംഗ് കോളേജുകളിലേക്കും വിദൂര വിദ്യാഭ്യാസത്തിലേക്കും പ്രതിഫലിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് ഡിസ്റ്റൻസ് ലേണിംഗിന്റെ (DEB) അംഗീകാരവും പുതിയ കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള സ്വാതന്ത്ര്യവും സർവ്വകലാശാലകൾക്ക് ലഭിക്കുന്നത്. |
| (എഫ്) | അഫിലിയേറ്റഡ് കോളേജുകളിലെയും വിദൂരവിദ്യാഭ്യാസ വിഭാഗത്തിലേയും വിദ്യാർത്ഥികൾക്കുള്ള പല കോഴ്സുകളിലും സിലബസ് രൂപീകരണം മുതൽ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള നടപടികൾ പലപ്പോഴും വൈകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മുഴുവൻ വിദ്യാർത്ഥികൾക്കും നാക് ഗ്രേഡിനനുസൃതമായ മികച്ച സേവനം പ്രദാനം ചെയ്യാൻ സർവകലാശാലകൾ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എഫ്) | അഫിലിയേറ്റിംഗ് കോളേജുകളിലെയും വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെയും സിലബസ് പരിഷ്കരിക്കുന്നതിനും പരീക്ഷാഫലം വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ജി) | മെച്ചപ്പെട്ട പ്ളെയ്സ്മെൻറ് സാധ്യതകൾ, മെച്ചപ്പെട്ട ഇൻറേൺഷിപ്പ് സാധ്യതകൾ, മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസ സാധ്യതകൾ എന്നിവങ്ങനെയുള്ള ഗുണപരമായ മാറ്റങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് ലഭിക്കുവാൻ ഇടയാകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

## കേരള സർവ്വകലാശാല

റിപ്പോർട്ടിൽ താഴെപ്പറയുന്ന മികവുകൾ പരാമർശിച്ചിട്ടുണ്ട്.

- ഒത്തൊരുമയോടുകൂടി പ്രവർത്തിക്കുന്ന അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ, മികച്ച ഭരണ സംവിധാനം.
- സർവകലാശാലക്ക് തിരുവനന്തപുരം നഗരത്തിൽ ലഭിച്ചിട്ടുള്ള ആസ്ഥാനം.
- ഹരിത ക്യാമ്പസ് പഠന സൗകര്യങ്ങൾ.
- മികച്ച സാമൂഹിക പ്രവർത്തനം.

ന്യൂനതകൾ പരിഹരിക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ശേഖരം ഡിജിറ്റൈസ് ചെയ്തുവരുന്നു.
- ഗവേഷകർക്ക് അധ്യാപനത്തിനുള്ള സാഹചര്യം ഒരുക്കുന്നു.
- വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിച്ചു വരുന്നു.
- അധിക ആവശ്യകതയുള്ള പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധനവിനുള്ള നടപടികൾ ആലോചിച്ചു വരുന്നു.
- നൈപുണ്യ വികസനത്തിന് ഉതകുന്ന വിധം ഇൻറർ ഡിസിപ്ലിനറി കോഴ്സുകൾ, ഇലക്ടീവുകളായി നൽകി വരുന്നു.
- ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാലിക്കറ്റ് സർവ്വകലാശാല

സവിശേഷതകൾ

1. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയെ പരിപാലിക്കുന്ന കേരളത്തിലെ പിന്നോക്ക ജില്ലയിൽ സ്ഥിതി ചെയ്യുന്ന 500 ഏക്കർ പച്ചപ്പ് നിറഞ്ഞ കാമ്പസിലാണ് സർവകലാശാല വ്യാപിച്ചുകിടക്കുന്നത്, ഇവിടുത്തെ വിദ്യാർത്ഥികളിൽ 80% സ്ത്രീകളാണ്. ന്യൂനപക്ഷ, ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ വൈവിധ്യവും ശ്രദ്ധേയമായിരുന്നു.

2. ബൊട്ടാണിക്കൽ ഗാർഡൻ, ഗ്രീൻ ഹൗസ്, പബ്ലിക് പാർക്ക്, ബോട്ടണി ഡിപ്പാർട്ട്മെന്റ് ഫാക്കൽറ്റി, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരാൽ പൂർണ്ണമായും പരിപാലിക്കപ്പെടുന്ന അപൂർവ്വയിനം സസ്യങ്ങളുടെ ശേഖരം സർവകലാശാലയുടെ മറ്റൊരു പ്രധാന സവിശേഷതയാണെന്ന് സംഘം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. യുനെസ്കോ അംഗീകരിച്ച

സിഡിഎംആർപി (കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം) വഴി സൈക്കോളജി വിഭാഗം നൽകുന്ന അനുഭവപരമായ പഠനം മറ്റൊരു പ്രധാന സവിശേഷതയായി പരിഗണിച്ചിട്ടുണ്ട്.

3. ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ കമ്മ്യൂണിറ്റി അധിഷ്ഠിത ലാഡർ പ്രോഗ്രാം സമീപ സമൂഹത്തിലെ വിദ്യാർത്ഥികൾക്കിടയിലെ കായിക പ്രതിഭകളെ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തി അവരെ പരിപോഷിപ്പിക്കുകയും ഒളിമ്പിക്സ് ഉൾപ്പെടെയുള്ള പ്രധാന കായിക ഇനങ്ങളിൽ അവരുടെ പങ്കാളിത്തം സുഗമമാക്കുകയും ചെയ്യുന്നു. കായിക രംഗത്തെ പരമോന്നത പുരസ്കാരങ്ങൾ (പത്മശ്രീ, ദ്രോണാചാര്യ, ഖേൽരത്ന, അർജ്ജുന അവാർഡുകൾ) സർവ്വകലാശാലയ്ക്ക് നേടാൻ കഴിഞ്ഞത് മറ്റൊരു പ്രധാന സവിശേഷതയാണ്.

## ന്യൂനതകൾ/ശുപാർശകൾ

- സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയുടെ ഒപ്റ്റിമൽ ഉപയോഗത്തോടെ ഒരു മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്റർ സ്ഥാപിക്കുക. സംയുക്ത ഗവേഷണത്തിനും സ്റ്റുഡന്റ് ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമിനുമായി വ്യവസായങ്ങളുമായും വിദേശ സർവകലാശാലകളുമായും സർവ്വകലാശാല സഹകരണം സ്ഥാപിക്കുക. ഒരു പ്രതേക ഇന്റർനാഷണൽ റിലേഷൻഷിപ്പ് സെന്റർ സ്ഥാപിച്ച് അന്തർദ്ദേശീയ വിദ്യാർത്ഥികളെ പ്രത്യകിച്ച് മിഡിൽ ഈസ്റ്റിൽ നിന്ന് ആകർഷിക്കാൻ യൂണിവേഴ്സിറ്റി പ്രത്യേക ശ്രമങ്ങൾ നടത്തുക.

- പണമടച്ചുള്ള കൺസൾട്ടൻസി പ്രോജക്ടുകൾ വാങ്ങുന്നതിനുള്ള ശക്തമായ സംവിധാനം സർവകലാശാല സൃഷ്ടിക്കുക. വിദ്യാർത്ഥികളെ തൊഴിലിനായി സജ്ജമാക്കുന്നതിന് സർവകലാശാലയ്ക്ക് ശക്തമായ ഒരു പ്ലെയ്സ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റും ഒരു ഫിനിഷിംഗ് സ്കൂളും സൃഷ്ടിക്കേണ്ടതുണ്ട്.

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ബിഗ് ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് നിയമം, മാരിടൈം/പോർട്ട്&ഷിപ്പിംഗ് മാനേജ്മെന്റ്, ലോജിസ്റ്റിക്സ് തുടങ്ങിയ വളർന്നുവരുന്ന മേഖലകളിൽ സർവകലാശാല പുതിയ പ്രോഗ്രാമുകളും ഡിപ്പാർട്ട്മെന്റുകളും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുക. ഹോസ്പിറ്റാലിറ്റി & ടൂറിസം, ഡിജിറ്റൽ മീഡിയ മുതലായവയിൽ സെന്റർ ഓഫ് എക്സലൻസും പുതുയ പ്രോഗ്രാമുകളും ഡിപ്പാർട്ട്മെന്റുകളും സ്ഥാപിക്കണം.

# കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

## Strength

1. കൊച്ചി സർവ്വകലാശാല നടത്തിവരുന്ന Pan India Common Entrance Examination (CAT Test)

2. ഫലാധിഷ്ഠിത പദ്ധതി എല്ലാ പഠന വകുപ്പുകളിലും നടപ്പിലാക്കി.

3. എല്ലാ അക്കാദമിക പ്രോഗ്രാമുകൾക്കും Choice Based Credit system നടപ്പിലാക്കി.

4. മികച്ച അധ്യാപകരും അവരുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള Reseach Publication കളും

5. ദേശീയ അന്തർദ്ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള Reseach Collaborations.

6. Wi-Fi enabled Campus

7. ICT enabled Classroom

8. ആഗോളതലത്തിലുള്ള പ്രഗത്ഭരായ Alumni Members

Weakness

1. International Students -ന്റെ എണ്ണത്തിലുള്ള കുറവ്

2. വിവിധ പഠന വകുപ്പുകളിലെ റിസർവ്വേഷൻ കാറ്റഗറി വിഭാഗത്തിൽവരുന്ന വിദ്യാർത്ഥികളുടെ ഒഴിവുകൾ

Sreelekha
സെക്ഷൻ ഓഫീസർ